LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എത്ര തുക വീതമാണ് ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

പദ്ധതികൾ പുരോഗമിക്കുന്നു. വിനിയോഗിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പദ്ധതികളുടെ ബഡ്ജറ്റ് അലോക്കേഷൻ, ഭരണാനുമതി എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ?

പുനർഗേഹം പദ്ധതി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് അനുവദിക്കുന്നത്. മറ്റ് പദ്ധതികളുടെ ഭരണാനുമതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പിനുകീഴിൽ വടകര നിയോജകമണ്ഡലത്തിൽ ചെലവാക്കിയ തുക എത്രയാണ്; ഏതൊക്കെ പദ്ധതികളിലായാണ് ഈ തുക ചെലവാക്കിയത്; വിശദാംശങ്ങൾ നൽകുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 607.56 ലക്ഷം രൂപ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ചെലവഴിച്ചിട്ടുണ്ട്. പദ്ധതികൾക്ക് ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

263 (569) ശ്രീ. പി. പി. ചിത്തരഞ്ജൻ:താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

മത്സ്യബന്ധന വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങളും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിവരങ്ങളും താഴെ പറയുന്നു.

1. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്ന പുനർഗേഹം പദ്ധതി ആലപ്പുഴ മണ്ഡലത്തിലും നടപ്പിലാക്കിവരുന്നു. ആലപ്പുഴ ജില്ലയിൽ 228 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി മണ്ണംപുറത്ത് ഫ്ളാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം നടന്നു വരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. സമ്പാദ്യ സമാശ്വാസ പദ്ധതി വഴി ആലപ്പുഴ മണ്ഡലത്തിൽ 12186 ഗുണഭോക്താക്കൾക്ക് 60,93,000 രൂപ വിതരണം ചെയ്തു.

3. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

4. ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വിവിധ പഞ്ചായത്തുകളിലെ മത്സ്യകർഷകർക്കായി ജനകീയ മത്സ്യകൃഷി, സുഭിക്ഷ കേരളം പദ്ധതി, പ്രധാൻ മന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതി (PMMSY) തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു. ടി പദ്ധതികളുടെ ഘടക പദ്ധതികളായ ബയോഫ്ളോക് മത്സ്യകൃഷി, പടുതാകുളങ്ങളിലെ മത്സ്യകൃഷി തുടങ്ങിയവയാണ് നടപ്പാക്കിവരുന്നത്. ആയതനുസരിച്ച് ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട 457 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

5. Sustainable marine fishing practices പദ്ധതിയുടെ ഭാഗമായി Square mesh നൽകുന്ന പദ്ധതി.

6. കടൽ സുരക്ഷാ പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് GPS, VHF, Marine Radio, Satellite Phone, ലൈഫ് ജാക്കറ്റ് എന്നിവ നൽകുന്നു.

7. മത്സ്യത്തൊഴിലാളികളിൽ നിന്നും അർഹരായവരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി Sea Rescue Squad രൂപീകരിക്കുന്ന പദ്ധതി.

8. ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം കേടുകൂടാതെ സൂക്ഷിക്കാൻ Insulated Fish Box നൽകുന്ന പദ്ധതി.

9. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള മെഡിക്കൽ എൻടൻസ് കോച്ചിംഗ്, സിവിൽ സർവ്വീസ് കോച്ചിംഗ്, ബാങ്ക് കോച്ചിംഗ്, Career Guidance എന്നിവ നടപ്പാക്കിവരുന്നു.

10. മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ, മണ്ണെണ്ണ പെർമിറ്റ് എന്നിവ നടപ്പിലാക്കിവരുന്നു.

11. മാതാപിതാക്കൾ മരണമടഞ്ഞ കുട്ടികളെ ദത്തെടുക്കുന്ന പദ്ധതി.

12. മെഡിക്കൽ ക്യാംപ്, ട്രോൾബാൻ സമയത്ത് സൗജന്യ റേഷൻ നൽകുന്ന പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

13. തീരദേശ ഉൾനാടൻ മേഖലകളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം നൽകുന്നതും സെക്രട്ടറിമാർക്ക് പ്രതിമാസ വേതനമായി 10,000 രൂപ നൽകുന്നതുമായ പദ്ധതി 2019-20 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്നു.

14. കായലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപ പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 10 കടവാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ആലപ്പുഴ നിയോജകമണ്ഡലത്തിലെ മണ്ണഞ്ചേരി പഞ്ചായത്തിൽ ഉൾപ്പെടുന്ന അമ്പലക്കടവും ആര്യാട് പഞ്ചായത്തിൽ ഉൾപ്പെടുന്ന വിരുശ്ശേരി അമ്പലം തെക്ക് കടവും ആണ്. ഓരോ കടവിലും 5 ലക്ഷം കാരചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇത് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്.

15. ടൗട്ടേ ചുഴലിക്കാറ്റിന്റെയും അറബിക്കടലിൽ രൂപപ്പെട്ട ന്യൂനമർദ്ദത്തിന്റെയും പശ്ചാത്തലത്തിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുമായി ആലപ്പുഴ മണ്ഡലത്തിൽ 4008 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1200 രൂപ വീതം വിതരണം ചെയ്തു. ലോക്ക്ഡൗൺ, ടൗട്ടേ ചുഴലിക്കാറ്റ് എന്നിവയുമായി ബന്ധപ്പെട്ട് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു.

16. സാഫ്-തീരമൈത്രി മുഖേന സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ വികസനം, സീഫുഡ് റെസ്റ്റോറന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

17. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.